# INDIAN SCHOOL, AL GHUBRA
## FINAL ASSESSMENT 2005-06
## CLASS: IX - MALAYALAM

**Time allowed: 3 hrs** **M.Marks: 100**

***General Instructions:***

- *This question paper contains 4 printed pages.*
- *This question paper contains 5 questions.*
- *Please write down the serial number of the question before attempting it.*

### എ വിഭാഗം

**1. (a).** ***പ്രയോഗം മാറ്റുക*** 2

1. കവിത്രയത്തിന്റെ രചനകൾ ആധുനിക മലയാള കവിതയെ ധന്യമാക്കി.
2. കന്നാലിപ്പിള്ളേർ വേലായുധനെ ഉപദ്രവിച്ചു.

**(b).** ***മഹാവാക്യമാക്കി മാറ്റുക*** 2

1. ആന അടുത്തു ചെന്നു.
   കുട്ടി ബോധംകെട്ടു വീണു.
2. കപ്പൽ അടുത്തു വന്നില്ല.
   കള്ളക്കച്ചവടക്കാർ കരയ്ക്കിറങ്ങിയില്ല.
   പോലീസ് അവരെ അറസ്റ്റു ചെയ്തില്ല.

**(c).** ***അന്വാഖ്യാന സംഭാഷണമാക്കി മാറ്റിയെഴുതുക.*** 2

ശകുന്തള: (സഖിമാരോട്) വനജ്യോത്സ്നയെ ഞാൻ നിങ്ങളുടെ കയ്യിലേൽപ്പിക്കുന്നു.
സഖിമാർ: ഞങ്ങളെ നീ ആരുടെ കയ്യിലാണ് ഏൽപ്പിച്ചിരിക്കുന്നത് (കണ്ണുനീർ തൂകുന്നു).

**(d).** ***വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക*** 2

1. സ്കൂൾ തുറന്ന് രണ്ടു ദിവസം കഴിഞ്ഞതിനുശേഷമാണ് ആ കുട്ടി എത്തിയത്.
2. മാതാപിതാക്കളെ സ്നേഹിക്കുകയും ഗുരുനാഥന്മാരെ ബഹുമാനിക്കാനും എല്ലാവരും കടപ്പെട്ടിരിക്കുന്നു.

**(e).** ***അർത്ഥമെഴുതുക*** 1

ദുകൂലം

**(f).** ***വിപരീതമെഴുതുക*** 1

ഉത്കൃഷ്ടം

**(g).** ***നാനാർത്ഥമെഴുതുക (രണ്ടെണ്ണം വീതം)*** 1

ഫലം

**(h).** ***ശരിയായ പദമെഴുതുക*** 1

സൃഷ്ടാവ് - സ്രഷ്ടാവ്

**(i).** ***പര്യായമെഴുതുക*** 1

പ്രഭാതം

**(j).** ***അർത്ഥവ്യത്യാസമെഴുതുക*** 1

ശീതം - ശ്വേതം

**(k).** ***പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക*** 3

1. സത്യോപമം
2. കന്മഴു
3. അത്രയും

**(l).** ***വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക*** 3

1. പല്ലവപുടം
2. പത്തമ്പത്
3. ദിഗംബരൻ

**2. (a).** ***ആശയം വിപുലീകരിക്കുക*** 5

ത്യാഗമെന്നതേ നേട്ടം
താഴ്മതാനഭ്യുന്നതി.

*അല്ലെങ്കിൽ*

മിന്നുന്നതെല്ലാം പൊന്നല്ല.

**(b).** നിങ്ങളെ ഏറ്റവുമധികം സ്വാധീനിച്ച ഒരു പുസ്തകത്തെപ്പറ്റി വിവരിച്ചുകൊണ്ട് സുഹൃത്തിന് ഒരു കത്തെഴുതുക. 5

**(c).** ***താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.*** 10

1. സാക്ഷരതയും മനുഷ്യപുരോഗതിയും
2. മതസൗഹാർദ്ദം
3. മദ്യനിരോധനം

**(d).** ***ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.***

എഴുതുമ്പോൾ ബഷീർ സമചിത്തത അനുഭവിച്ചിരുന്നോ ? എന്നു ചോദിച്ചാൽ ഇല്ല എന്നു മറുപടി പറയാം. ബഷീറിന്റെ കലാവ്യക്തിത്വത്തിന്റെ ഒരു പകുതിയിൽ സമചിത്തത ദൃഢമാകുമ്പോൾ മറ്റേ പകുതിയിൽ ഭ്രാന്ത് സ്വതന്ത്രമാകാൻ തുടങ്ങിയിരുന്നു. തകഴിയിൽ സമചിത്തത അങ്ങേയറ്റം ദൃഢമായിരുന്നു. താർക്കികത തകഴിയുടെ ഭാവനയെ കീഴടക്കിയിരുന്നു. അദ്ദേഹം ആവിഷ്കരിച്ചത് അനുഭവത്തിന്റെ ഗണിതതത്ത്വങ്ങളായിരുന്നു. താർക്കികതയുടെ ലോകം ബഷീറിന്റെ കലയിൽ കുറവായിരുന്നു. താർക്കികതയെ കൈവെടിയുന്ന ഫലിതമാണ് അദ്ദേഹം പറഞ്ഞത്. ബൗദ്ധികമായ അന്വേഷണമല്ലായിരുന്നു ബഷീറിന്റെ കല. തന്റെ തലമുറയിലെ മറ്റ് എഴുത്തുകാരെപ്പോലെ ഹേതുവാദിയായ ഒരു കലാകാരനായിരിക്കാൻ ആഗ്രഹിക്കുക, എന്നാൽ അങ്ങനെയല്ലാത്ത ഒരാളെ ഭ്രാന്തമായി തന്നിൽ

ഉൾക്കൊള്ളുക – ഇതാണ് പ്രതിഭയുടെ ഉന്മാദസ്പർശമേറ്റ സാഹിത്യ ഭാവനയെ സൃഷ്ടിക്കുന്നത്. ഇവിടെ കഠിനമായ യുക്തി മാറിനിൽക്കുന്നു. വെറുപ്പാണ് ഏറ്റവും കഠിനമായ യുക്തി. ഈ വെറുപ്പിൻെറ അഭാവത്തിൽ ഹൃദയാലുവായ കലാകാരന് ചിത്തഭ്രമം ഉണ്ടാകാം. ചിലപ്പോൾ വാക്കുകൾ ഭ്രാന്തായി പ്രവർത്തിക്കുന്നു. വാക്കുകളുടെ പ്രയോഗത്തിൽ പിരിവെട്ട് പ്രകടമാകുന്നു. ചളുക്കോ പിളുക്കോന്ന് വീണു – എന്നിങ്ങനെ എഴുതുമ്പോൾ പിരിയിളകിയ ഭാഷയാണ് നാം വായിക്കുന്നത്. രചന ഒരു ചികിത്സയാണെന്നും രോഗശമനമാർഗ്ഗമാണെന്നും ഗ്രേയംഗ്രീൻ പറയുന്നുണ്ട്. എഴുതാനോ ചിത്രം വരയ്ക്കാനോ കഴിയാത്തവർ എങ്ങനെയാണ് ചിത്തഭ്രമത്തിൽ നിന്നും വിഷാദരോഗത്തിൽനിന്നും രക്ഷപ്പെടുന്നതെന്ന് ഗ്രേയംഗ്രീൻ ചോദിക്കുന്നുണ്ട്. വിഷാദരോഗത്തെക്കുറിച്ചെഴുതി തന്നിലെ വിഷാദരോഗത്തെ താൻ ഒഴിവാക്കിയെന്ന് റോബർട്ട് ബർട്ടൻ എഴുതുന്നു.

1. പ്രതിഭയുടെ ഉന്മാദസ്പർശമേറ്റ സാഹിത്യഭാവനയെ ഒരുക്കുന്നതെന്താണ് ? 2
2. രചനയെക്കുറിച്ച് ഗ്രേയംഗ്രീൻ പറഞ്ഞ അഭിപ്രായമെഴുതുക. 2
3. ബഷീറിൻെറ പിരിയിളകിയ ഭാഷ പ്രകടമാകുന്നത് എപ്രകാരമാണ് ? 2
4. തകഴി തൻെറ കൃതികളിൽ ആവിഷ്കരിക്കുന്നതെന്ത് ? 2
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകമെഴുതുക. 2

## <u>ബി വിഭാഗം</u>

**3. (a).** "എനിക്കു ഭ്രാന്താണ്, എന്നെ ചങ്ങലയ്ക്കിടൂ."
ആരുടെ കഥയിലേതാണ് ഈ വാക്കുകൾ ?
ഇങ്ങനെ പറഞ്ഞതാര് ?
ഇതു പറയാൻ പ്രേരകമായ സാഹചര്യമെഴുതുക. 4

**(b).** കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ അഭിപ്രായത്തിൽ ഉത്തമ കവിതയ്ക്ക് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തെല്ലാം ? 4

**(c).** നൈൽക്കരയിൽ യാത്രാവിവരണകാരൻ കണ്ട പ്രധാന കാഴ്ചകൾ എഴുതുക. 4

**(d).** സഞ്ജയന് ഇഞ്ചെക്ഷനു വിധേയനാകേണ്ടിവന്നത് എങ്ങനെ ? 4

**(e).** 'കവിയുടെ കാൽപാടുകൾ' എന്ന ആത്മകഥാഗ്രന്ഥം എഴുതിയതാര് ? അതിൽ യാത്രയുടെ ആവിഷ്കാരം ചിത്രീകരിച്ചിരിക്കുന്നതെങ്ങനെ? 4

**4. (a).** "കുമ്പിട്ടുനിന്നു, കൃഷീശ്വരിതൻ തിരു-
മുമ്പിലായ്ക്കാണിക്ക വെക്കുമ്പോലെ"
സന്ദർഭം, ആശയം, അലങ്കാരം എന്നിവ വർണ്ണിക്കുക. 4

**(b).** ദേവസുന്ദരികൾ ലങ്കയിൽ എന്തെല്ലാം വിടുവേലകളാണ് ചെയ്യുന്നത് ? 4

**(c).** "മന്തുകാൽ പോലുമേ
ധാരാളമാണെന്നുമോതീടും"
ഏതു കവിതയിലേതാണ് ഈ വരികൾ ? കവിയാര് ?
കവിതയിലെ കഥാപാത്രത്തിന് മന്തു മാറണമെന്ന്
ആഗ്രഹമില്ലാത്തത് എന്തുകൊണ്ട് ? 4

**(d).** "വിലസീ, വിമലേ, ചെറിയൊരു പനിനീ-
രലർ ചൂടിയ നിൻ ചികുര ഭരം !"
ഏതു കവിതയിൽ നിന്നേടുത്ത വരികളാണിവ ?
കവിയാര് ? ചികുരഭരത്തെ അദ്ദേഹം വർണ്ണിച്ചിരിക്കുന്നതെങ്ങനെ ? 4

**(e).** 'രണ്ടു കുട്ടികൾ' എന്ന കവിതയിൽ കുട്ടികൾ തമ്മിലുള്ള പോര്
ചിത്രീകരിച്ചിരിക്കുന്നതെങ്ങനെ ? 4

**5.** ചരിത്രത്തിലെ സുന്ദരമായ മുഹൂർത്തങ്ങൾ വർണ്ണിച്ചിട്ടുള്ള സഞ്ചാര സാഹിത്യകൃതിയാണ് 'ബുദ്ധൻ പിറന്ന മണ്ണിൽ' – വിശദമാക്കുക. 10

*അല്ലെങ്കിൽ*

കെ. എൽ. മോഹനവർമ്മയെന്ന എഴുത്തുകാരന്റെ അന്വേഷകമനസ്സ് തിരിച്ചറിയുന്ന കൃതിയാണ് 'ബുദ്ധൻ പിറന്ന മണ്ണിൽ' – ഈ അഭിപ്രായം എത്രമാത്രം ശരിയാണെന്നു പരിശോധിക്കുക.

■